II അടിയന്തിര പ്രമേയം

മാവൂർ റയോൺസിലെ സമരം

മി. സ്പീക്കർ: 17-9-1985-ന് വൈകുന്നേരം മാവൂർ റയോൺസ് കോമ്പൗണ്ടിലെ തൊഴിലാളികളുടെ സമരപ്പന്തൽ പോലീസ് പൊളിച്ചു മാറ്റുകയും സി.ഐ.ടി.യു. ഓഫീസിൽ യോഗം കൂടിയിരുന്ന മുപ്പതോളം തൊഴിലാളികളെ അറസ്റ്റ് ചെയ്തു മർദ്ദിക്കുകയും ചെയ്തതിനെത്തുടർന്ന്, പ്രസ്തുത പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച നടത്തുന്നതിനായി ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം.വി. രാഘവൻ, കെ. മൂസ്സക്കുട്ടി, എൻ. ചന്ദ്രശേഖരക്കുറുപ്പ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 - അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, മാവൂർ റയോൺസ് ഫാക്ടറിയിലെ തൊഴിലാളികൾ കുറേക്കാലമായി പണിമുടക്കിലാണ്. പണിമുടക്കിയ തൊഴിലാളികൾ കമ്പനി ഉദ്യോഗസ്ഥൻമാരുടെ കോളനിക്ക് മുൻപിൽ ഷെഡ്ഡ് കെട്ടി ധർണ നടത്തുകയുണ്ടായി. ഉദ്യോഗസ്ഥൻമാരേയും അവരുടെ കുടുംബാംഗങ്ങളേയും തടഞ്ഞു നിർത്തുകയും ദേഹപരിശോധന നടത്തുകയും അസഭ്യങ്ങൾ വിളിച്ചു പറയുകയും ചെയ്യുന്നുവെന്ന പരാതി പലപ്പോഴും ലഭിക്കുന്നുണ്ടായിരുന്നു. വീട്ടുപടിക്കലുള്ള സമരം അനുവദനീയമല്ലെന്നും മറ്റുള്ളവരെ ഉപദ്രവിക്കുന്ന പരാതിക്ക് ഇടംകൊടുക്കരുത് എന്നും പല പ്രാവശ്യം ആ തൊഴിലാളികളെ ഉപദേശിച്ചെങ്കിലും യാതൊരു ഫലവും കാണുകയുണ്ടായില്ല. തൻമൂലം ഇന്നലെ വൈകുന്നേരം കോളണിക്കു മുൻപിലുള്ള സമരഷെഡ്ഡ് അവിടെനിന്നു മാറ്റുന്നതിന് പോലീസ് ശ്രമിക്കുകയുണ്ടായി. അവിടെ കൂടിയിരുന്ന തൊഴിലാളികൾ അതിനെ ചെറുക്കുകയും തുടർന്ന് പോലീസ് അവരെ നീക്കം ചെയ്യുകയുമുണ്ടായി. റോഡ് ഗതാഗതം തടസ്സപ്പെടുത്തിക്കൊണ്ട് പോലീസിനെതിരെ കല്ലേറ് നടത്തുകയും ഇലക്ട്രിസിറ്റി കണക്ഷൻ കേടുവരുത്തി ലൈറ്റ് പൂർണ്ണമായും ഇല്ലാതാക്കുകയും ചെയ്തു. പോലീസിനെതിരായി നിരന്തരം കല്ലേറ് നടത്തിയവരെ പോലീസ് വിരട്ടിയോടിക്കുകയുണ്ടായി. കല്ലേറിൽ രണ്ട് സബ് ഇൻസ്പെക്ടർമാർക്കും 21 പോലീസുകാർക്കും പരിക്കേറ്റിട്ടുണ്ട്. ഗുരുതരമായി പരിക്കേറ്റ വൽസലൻ എന്ന പോലീസുകാരനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. നാല് പോലീസ് വാഹനങ്ങളും ഈ കല്ലേറിൽ നിശ്ശേഷം തകർന്നുപോയി. 29 പേരെ ഇതിനോടനുബന്ധിച്ച് പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണാധീനമാണ്. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരുവിധ സാഹചര്യങ്ങളും അവിടെ ഇപ്പോഴില്ല.

ശ്രീ. എം.വി. രാഘവൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ആദ്യം മുതൽ അവസാനം വരെ പച്ചക്കള്ളമാണ്. തുടങ്ങിയത് പണിമുടക്കാണെന്നു പറഞ്ഞാണ്; അവിടെ പണിമുടക്കല്ല ലോക്കൗട്ടാണ്. അവിടെ ഉണ്ടായ സംഭവങ്ങൾ ഇന്നത്തെ മാതൃഭൂമിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതെങ്കിലും മന്ത്രി വായിച്ചുനോക്കണമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മാവൂർ റയോൺസ് ഫാക്ടറി തുറക്കാൻവേണ്ടി തൊഴിലാളികൾ സത്യാഗ്രഹം തുടങ്ങിയിട്ട് കൊല്ലങ്ങളായി. ആ സത്യാഗ്രഹപ്പന്തൽ എന്തിനാണ് പൊളിച്ചുമാറ്റുന്നത്? അത് വീട്ടുപടിക്കലല്ല ഫാക്ടറിയുടെ പടിക്കലാണ്. അവിടെ സ്റ്റാഫ് കാർട്ടേഴ്സ് ഉണ്ടാകും. ഫാക്ടറിയുടെ പടിക്കലാണ് മാനേജ്മെന്റിന്റെ കാർട്ടേഴ്സ് എന്നുള്ളതുകൊണ്ട് തൊഴിലാളികൾക്ക് സത്യാഗ്രഹം നടത്താൻ പാടില്ല എന്നാണോ ഈ ഗവൺമെന്റിന്റെ അഭിപ്രായം? സത്യാഗ്രഹപ്പന്തൽ പൊളിച്ചുമാറ്റി. എന്നിട്ട് എ.ഐ.ടി.യു.സി. യുടേയും സി.ഐ.ടി.യു.വിന്റേയും ഐ.എൻ.ടി.യു.സി. യുടേയും എസ്.ടി.യു.വിന്റേയും നേതാക്കൻമാരെ പോലീസ് അറസ്റ്റ് ചെയ്തുകൊണ്ടുപോയി മർദ്ദിച്ചു. അതിൽ നിന്നാണ് കുഴപ്പമുണ്ടായത്; അല്ലാതെ മന്ത്രി പറയുന്നതു പോലെയല്ല കുഴപ്പം ഉണ്ടായത്. അവരെ മർദ്ദിച്ചപ്പോൾ തൊഴിലാളികൾ ഇളകി. ആ തൊഴിലാളികളെ ലാത്തിച്ചാർജ് നടത്തി പിരിച്ചുവിടുകയാണ് ചെയ്തത്. സി.ഐ.ടി.യു. ഓഫീസിൽ വച്ച് ഐ.എൻ.ടി.യു.സി. യുടെ എഡ്വേർഡ് എന്നു പറയുന്ന ആളും സി.ഐ.ടി.യു.വിന്റെ സ്വാമി എന്നു പറയുന്ന ആളും പത്രക്കാർക്ക് സംഭവഗതികളെക്കുറിച്ച് വിശദീകരിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. മന്ത്രിമാരുടെയാണെങ്കിൽ അത് പത്ര സമ്മേളനമായിരിക്കും. സി.ഐ.ടി.യു.യും ഐ.എൻ.ടി.യു.സി. നേതാക്കൻമാർ നടത്തുമ്പോൾ അത് പത്രസമ്മേളനം ആയിരിക്കുകയില്ല, പത്രക്കാരോട് വിവരിച്ചുകൊടുക്കലാണ്. പോലീസ് തല്ലിയപ്പോൾ തലയിൽ കൈവച്ചുകൊണ്ട് ഞങ്ങൾ പത്രക്കാരാണ്, ഫോട്ടോഗ്രാഫർമാരാണ് എന്ന് അവർ നിലവിളിച്ചു. എന്നിട്ടാണ് അവിടെനിന്ന് പത്തുമുപ്പത് പേരെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി കസ്റ്റഡിയിൽ വയ്ക്കുന്നത്. അവിടത്തെ സംഘടിത തൊഴിലാളികൾ ബിർളയെപ്പോലെയുള്ള ഒരു മാനേജ്മെന്റ് അവരുടെ ഇംഗിതത്തിന് വഴങ്ങാത്തതുകൊണ്ട് ആ ഫാക്ടറി കാലാകാലങ്ങളിൽ ലോക്കൗട്ട് ചെയ്യുകയാണ്. അങ്ങനെ ചെയ്താൽ നടപടിയെടുക്കാൻ നട്ടെല്ല് ഇല്ലാത്ത ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. അതിന് അവർ പോലീസിനെ അയയ്ക്കും. ടെലഫോൺ എക്സ്ചേഞ്ച് തല്ലിപ്പൊളിക്കാൻ നേതൃത്വം കൊടുത്ത അൻസാരി എന്ന പോലീസ് ഉദ്യോഗസ്ഥൻ തെരുവുഗുണ്ടകളെപ്പോലും ലജ്ജിപ്പിക്കുന്നവിധത്തിലാണ് ഇതിന് നേതൃത്വം കൊടുത്തത്. ഈ തെമ്മാടിത്തരത്തിനും കൊള്ളയ്ക്കും അവർ നേതൃത്വം കൊടുക്കുകയാണ്. പത്തുമുപ്പത് ആളുകളെ അറസ്റ്റ് ചെയ്യുക മാത്രമല്ല, സി.ഐ.ടി.യു. ഓഫീസ് തല്ലിത്തകർക്കുകയും ചെയ്തു. ടെലഫോൺ, ടൈപ്പ്റൈറ്റർ, കസേര മുതലായവയെല്ലാം തല്ലിത്തകർത്തു. മാതൃഭൂമി പത്രം അതിനെക്കുറിച്ചെഴുതി. സി.ഐ.ടി.യു. നേതാവ് സ്വാമിയും ഐ.എൻ.ടി.യു.സി. നേതാവ് എഡ്വേർഡും സംഭവങ്ങൾ വിവരിച്ചുകൊടുക്കാൻ ഓഫീസ് തുറന്നു വച്ചിരിക്കുകയായിരുന്നു. ആഘോതിരക്കിനിടയിൽ പത്രക്കാർ സി.ഐ.ടി.യു. വിന്റെ ഓഫീസിനകത്ത് കുടുങ്ങിപ്പോയി. ഓഫീസ് മുറിയിൽ അകപ്പെട്ട നൂറോളം പേരെ പോലീസ് വളഞ്ഞു. പിന്നെ പോലീസിന്റെ കല്ലേറ് ശരവർഷം പോലെയായിരുന്നു. അതാണ് ശ്രീ. വയലാർ രവി പഠിപ്പിച്ച് കൊടുത്തത്. പണ്ട് യൂത്ത് കോൺഗ്രസ്സുകാരനായിരുന്നപ്പോൾ ബസ്സിനു കല്ലെറിഞ്ഞയാൾ ഇപ്പോൾ പോലീസ് മന്ത്രി ആയിരിക്കുമ്പോൾ അത് പഠിപ്പിച്ചുകൊടുക്കുകയാണ്. സി.ഐ.ടി.യു. വിന്റെ ഓഫീസ് പോലീസ് കല്ലെറിഞ്ഞ് തകർത്തു. അടഞ്ഞുകിടന്ന വാതിൽ തള്ളിത്തുറന്നപ്പോൾ ഞങ്ങൾ ഫോട്ടോഗ്രാഫർമാർ

LIBRARY ARCHIVES Kerala Legislative Assembly

ആണ് ഞങ്ങളെ തല്ലരുതേ എന്നു വിളിച്ചുപറഞ്ഞു. ഇത് യുദ്ധമാണോ? അവരെ പുറത്താക്കിയിട്ട് ബാക്കിയുള്ളവരെ പോലീസ് പിടിച്ചു കൊണ്ടുപോയി. അതാണ് അവിടെയുണ്ടായത്. ഇത്രയും ലജ്ജാകരമായിട്ടുള്ള ഒരു സംഭവം മുമ്പ് നടന്നിട്ടില്ല. ഈ രാജ്യത്തെ ഒരു പോലീസ് കോൺസ്റ്റബിളുപോലും പറയാൻ മനക്കെടാത്ത ലജ്ജാകരവും, അസത്യവുമായിട്ടുള്ള ഒരു റിപ്പോർട്ടാണ് ശ്രീ. വയലാർ രവി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നാണം കെട്ട പോലീസ് മന്ത്രിയെപ്പറ്റി ഞാൻ എന്തുപറയാനാണ്? ഈ രാജ്യത്ത് ഇതുപോലെ ഗുരുതരമായ ഒരു സംഭവം ഉണ്ടായിട്ടില്ല. പോലീസ് ഭരണമാണോ ഇവിടെ നടക്കുന്നത്?

ഇന്ന് ആലപ്പുഴയിൽ സി.ഐ.ടി.യു.വിന്റേയും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടേയും ഓഫീസുകളും നിങ്ങളും സർച്ച് ചെയ്തു. അവിടെ ആരുണ്ട്? നിങ്ങളുടെ ഓഫീസ് സർച്ച് ചെയ്യാൻ പോലീസിനെ വിടുമോ? പോലീസിനെക്കൊണ്ട് എന്തും ചെയ്യിക്കാമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്യണം. മിനിഞ്ഞാന്ന് സ്വാമി ഇവിടെ വന്ന് ആഭ്യന്തരമന്ത്രിയുമായി ഗൂഢാലോചന നടത്തിയതായി അറിഞ്ഞു. ഈ രാജ്യത്തിലെ മുതലാളിമാർക്കുവേണ്ടി വിടുവേല ചെയ്യുന്ന ഗവൺമെന്റാണോ ഇത്? നിങ്ങൾ എന്തിനാണ് തൊഴിലാളി വിരുദ്ധ സമരത്തിന് സ്വാമിയുമായി കൂട്ടുകെട്ടുണ്ടാക്കുന്നത്? മന്ത്രി അതിനെപ്പറ്റി മറുപടി പറയണം.

മി. സ്പീക്കർ: ഇതിൽ യാതൊരുവിധ തെറ്റിദ്ധാരണക്കും അവകാശമില്ല. ഇന്ന് ബഹുമാനപ്പെട്ട കെ.പി. രാമനും, ഇ.ടി. മുഹമ്മദു ബഷീറും വന്നപ്പോൾത്തന്നെ ചെയർ അതിനെപ്പറ്റി വിശദീകരിച്ചു. നേരത്തെ ഉണ്ടായിരുന്നുവെങ്കിലും ഈ നിയമസഭ വന്നതിനുശേഷം അങ്ങനെ കൊടുക്കാറില്ല.

ശ്രീ. പി. സീതിഹാജി: സർ, ഒരു അത്യാഹിതം നടന്നതിനെ സംബന്ധിച്ച് ഭരണകക്ഷി മെമ്പർമാർ എന്നുള്ള നിലയിൽ ഞങ്ങളുടെ വികാരം ഈ സഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല എന്നു പറഞ്ഞാൽ വളരെ ക്രൂരമാണ്. അത് ചെയ്യരുത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, പല കീഴ്വഴക്കങ്ങളും നമ്മൾ മാറ്റാറുണ്ട്; പുതുതായി ചിലത് അഡോപ്ട് ചെയ്യാറുമുണ്ട്. പക്ഷേ ഗൗരവമായ ഒരു സംഭവം ഉണ്ടാകുമ്പോൾ ലോക്കൽ എം.എൽ.എ.മാർക്ക് രണ്ട് വാക്ക് സംസാരിക്കാനുള്ള അർഹതയുണ്ട്. അത് മുൻപുള്ള എല്ലാ ഗവൺമെന്റുകളും സ്പീക്കർമാരും അനുവദിച്ചിരുന്നു. നല്ല ഒരു കാര്യമെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മെമ്പർമാരുടെ അവകാശം നിഷേധിക്കരുത് എന്നുള്ള ഒരു അഭ്യർത്ഥനയുണ്ട്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ. ഈ നിയമസഭ നിലവിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന നിയമസഭയിൽ അങ്ങനെ ചില കീഴ്വഴക്കങ്ങളും ഉണ്ടായിരുന്നു.....(ബഹളം)..... ഈ നിയമസഭ വന്നതിനുശേഷം അങ്ങനെയൊരു കീഴ്വഴക്കം ഉണ്ടായിട്ടില്ല. അങ്ങനെയൊരു കീഴ്വഴക്കം ഉണ്ടാക്കണമെന്നു സഭയ്ക്കു താൽപ്പര്യമുണ്ടെങ്കിൽ ചെയറിനു യാതൊരു വിരോധവുമില്ല. (ബഹളം)..... ചെയറിനു അതിൽ സന്തോഷമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. പ്രഭാകരൻ: സർ, അടിയന്തിരപ്രമേയം വന്നാൽ അതു ചർച്ച ചെയ്യരുതെന്നുള്ള ധാരണ മാറണം. പൊതുപ്രാധാന്യമുള്ള കാര്യങ്ങളെ സംബന്ധിച്ച് അടിയന്തിരപ്രമേയം വന്നാൽ അതു ചർച്ച ചെയ്യണമെന്നാണ് ശിൽപശാലയിൽ ഉയർന്നുവന്ന നിർദ്ദേശം. അതൊന്നു അഡോപ്റ്റ് ചെയ്യാൻ ബഹുമാനപ്പെട്ട സ്പീക്കർ തയ്യാറാകണം.

ശ്രീ. ഇ.കെ. നായനാർ: സർ, ഇവിടെ ഡെപ്യൂട്ടി മുഖ്യമന്ത്രിയും മറ്റ് ഉത്തരവാദപ്പെട്ട ഭരണ–പ്രതിപക്ഷ നേതാക്കൻമാരും അഭിപ്രായം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തെക്കുറിച്ചു സംസാരിക്കാൻ അവസരം കൊടുക്കണം.

മി. സ്പീക്കർ: ഒരു ചർച്ച എന്നുള്ള നിലയ്ക്കല്ല. ഇതൊരു കീഴ്വഴക്കമായി തുടങ്ങുന്നതിൽ ചെയറിന് സന്തോഷമേയുള്ളൂ. കാരണം ഇതൊരു ഡെലിക്കേറ്റ് കാസ്റ്റ്യനാണ്. ഇങ്ങനെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അടിയന്തിരപ്രമേയം മൂവ് ചെയ്യാൻ പ്രതിപക്ഷത്തിനേ കഴിയുകയുള്ളൂ. അതിൽ ബന്ധപ്പെട്ട മെമ്പർമാർക്ക് പരാതിയില്ലെന്നു പല മെമ്പർമാരും ശബ്ദയിൽ പെടുത്തിയിട്ടുള്ള വിഷയമാണ്. പക്ഷേ ഇപ്പോഴത്തെ നടപടിക്രമങ്ങൾ അനുസരിച്ച്.... .....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സാധാരണ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്ന അംഗം സംസാരിക്കുകയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നു മറുപടി പറയുകയും ചെയ്യും. ഏതെങ്കിലും ഒരു ഇഷ്യൂവിൻമേൽ ആ പ്രദേശത്തെ പ്രതിനിധിയിൽ നിന്ന് അങ്ങേയ്ക്ക് എന്തെങ്കിലും മനസ്സിലാക്കേണ്ടതുണ്ടെങ്കിൽ അതു റൂളിംഗിന് മുമ്പായി മനസ്സിലാക്കണം. അല്ലാതെ ഇതൊരു പ്രീസിഡൻറായി പോകുന്നതു ശരിയല്ല.

ശ്രീ. ഇ.കെ. നായനാർ: സർ, ഞാൻ പറഞ്ഞത് എല്ലാ പാർട്ടി നേതാക്കൻമാർക്കും മെമ്പർമാർക്കും സംസാരിക്കാനുള്ള അവസരം കൊടുക്കണമെന്നാണ്.

ശ്രീ. ബേബിജോൺ: സർ, സൗകര്യാനുസരണം നമ്മുടെ നടപടിക്രമങ്ങൾക്ക് മാറ്റം വരുത്തുന്നത് ഒരു ദൂഷണമല്ല..... (ബഹളം).....അങ്ങ് സൂചിപ്പിച്ചതുപോലെ നടപടിക്രമം അനുസരിച്ച് അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിന് നോട്ടീസ് തരും. ബന്ധപ്പെട്ട മന്ത്രി മറുപടി പറയും. എന്നിട്ട് വിശദീകരണം വല്ലതും ഉണ്ടെങ്കിൽ നോട്ടീസ് തരുന്ന മെമ്പർ പറയും. അവിടം കൊണ്ട് അവസാനിക്കുന്നു. പൊതുചർച്ച അനുവദിച്ചാൽ മാത്രമേ ചർച്ചയിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. ഇപ്പോഴും ഒരു പ്രത്യേക പ്രശ്നത്തിൻമേൽ ഒരു പ്രത്യേകകക്ഷിക്ക് എന്തെങ്കിലും പറയണമെന്നു വരുമ്പോൾ അതു അനുവദിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ചെയർ വളരെ ക്ലിയറായിട്ടു പറയുകയാണ്. ഓരോ ദിവസത്തെ സംഭവത്തിന്റെ അടിസ്ഥാനത്തിൽ ഓരോ നയം സ്വീകരിക്കാൻ കഴിയുകയില്ല. പൊതുവായ നയവും പൊതുവായ കീഴ്വഴക്കവും അനുസരിച്ചേ ചെയ്യാൻ കഴിയുകയുള്ളൂ. സഭയ്ക്കും അംഗങ്ങൾക്കും പ്രയോജനകരമായിട്ടുള്ള ഏതു കീഴ്വഴക്കവും സന്തോഷ

LIBRARY ARCHIVES Kerala Legislative Assembly

ത്തോടുകൂടി സമ്മതിക്കാൻ ചെയർ തയ്യാറാണ്. ഈ പ്രശ്നം സംബന്ധിച്ചു പാർട്ടി നേതാക്കൻമാരുമായി ചർച്ച ചെയ്ത് ഒരു തീരുമാനം എടുക്കുന്നതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതാണ്.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): സർ, മാവൂർ റയോൺസ് കേരളത്തിൽ സ്ഥാപിച്ചത് 1957-ലാണ്. അന്ന് ശ്രീ. എം.വി. രാഘവന്റെ നേതാവ് ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടാണ് കേരളം ഭരിച്ചിരുന്നത്. .....(ബഹളം)..... കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ് ബിർളയെ കൺസഷൻ കൊടുത്ത് ഇവിടെ കൊണ്ടുവന്നത്.....(ബഹളം) അപ്പുറത്തിരിക്കുന്ന ശ്രീമതി കെ.ആർ. ഗൗരിയുടെ മന്ത്രിസഭയാണ്. എനിക്ക് അതൊന്നുമായിട്ട് യാതൊരു ബന്ധവുമില്ല. അതുകൊണ്ട് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നത് ഭംഗിയല്ല. (ബഹളം).....കാരണം ബിർളയെ ക്ഷണിച്ചുകൊണ്ടുവന്നത് ശ്രീമതി കെ.ആർ. ഗൗരിയുടെ മന്ത്രിസഭയാണ്. .....(ബഹളം).....

മി. സ്പീക്കർ: ഈ പ്രശ്നം സഭയിൽ ഉന്നയിക്കാൻ ബഹുമാനപ്പെട്ട എം.വി. രാഘവന് സമയം കൊടുത്തു. അദ്ദേഹം പറഞ്ഞത് സഭ ശ്രദ്ധയോടെ കേട്ടു. ഇനി മന്ത്രിക്ക് മറുപടി പറയാൻ അവകാശം ഉണ്ട്. അദ്ദേഹത്തിന് അതിന് അവസരം നൽകി. അദ്ദേഹത്തിന്റെ മറുപടിക്ക് ശേഷം എന്തെങ്കിലും ഉണ്ടെങ്കിൽ പറയാം..... .....(ബഹളം).....

ശ്രീ. വയലാർ രവി: സർ, ഇന്നലെ വൈകുന്നേരം അവിടെ നടന്ന സംഭവത്തെക്കുറിച്ചു മാതൃഭൂമിയിൽ വാർത്ത വന്നു. ശ്രീ. എം. വി. രാഘവൻ അതുമുഴുവൻ വായിച്ചില്ല. അവിടെ പോലീസിനെതിരായി കല്ലേറ് നടന്നതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. അതു അദ്ദേഹം വായിച്ചില്ല.....(ബഹളം)..... ഇന്നലെ വൈകുന്നേരം ശ്രീ. ബഷീറും ശ്രീ. കെ.പി. രാമനും എന്നെ കണ്ടു ഈ വിവരം പറഞ്ഞു. ഞാൻ അപ്പോൾത്തന്നെ കമ്മീഷണറുമായി ബന്ധപ്പെടാൻ ശ്രമിച്ചു. പക്ഷേ അദ്ദേഹത്തെ കിട്ടിയില്ല. അദ്ദേഹം മാവൂരിൽ പോയിരിക്കുകയായിരുന്നു. പോലീസുകാർ അവിടെ പോയി വരാം എന്നുവച്ചാൽത്തന്നെ ഒന്നര മണിക്കൂർ കൊണ്ടുപോലും അവർക്ക് അവിടെ പോയി വരാൻ പററ്റാത്ത സ്ഥിതിവിശേഷമാണ് ഉണ്ടായിരുന്നത്. ഫാക്ടറി പടിക്കലാണ് സമരം നടക്കുന്നതെങ്കിൽ യാതൊരു കാരണവശാലും പോലീസ് ഇടപെടുകയില്ല. ചില ഉദ്യോഗസ്ഥൻമാരുടെ വീട്ടുപടിക്കൽ പോയി അവർക്ക് ഉപദ്രവം ഉണ്ടാക്കിയപ്പോഴാണ് ഗവൺമെന്റ് ഇടപെടുന്ന പ്രശ്നം വന്നത്. ഫാക്ടറിപടിക്കൽ സമരം ചെയ്താൽ യാതൊരു കാരണവശാലും പോലീസ് ഇടപെടുകയില്ല. അവിടെ ചെന്ന പോലീസിനെ കല്ലെറിയുക, റോഡ് ബ്ലോക്ക് ചെയ്യുക, ലൈറ്റ് കംപ്ലീറ്റായി തടയുക ഇങ്ങനെയുള്ള അക്രമങ്ങൾ നടക്കുമ്പോൾ പോലീസ് ഇടപെടരുത് എന്നു പറയുന്നത് അംഗീകരിക്കാൻ നിവൃത്തിയില്ല. അങ്ങനെ അക്രമം നടക്കുമ്പോൾ പോലീസിനെ പിൻവലിക്കുന്ന പ്രശ്നമേയില്ല. ഇവിടെ ആര് എന്ത് ബഹളം ഉണ്ടാക്കിയാലും പിൻവലിക്കുന്ന പ്രശ്നമേയില്ല. അക്രമം നടത്തുന്ന ആളുകളെ അറസ്റ്റ് ചെയ്യേണ്ടിവരും; കേസ് എടുക്കേണ്ടിവരും. അതിന്റെ പേരിൽ പോലീസിന് ഭീരുവിനെപ്പോലെ പിൻതിരിഞ്ഞുപോകാൻ സാദ്ധ്യമല്ല. അവർക്ക് പരാതിയുള്ള ഒരു നടപടിയും പോലീസ് കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

ശ്രീ. ഇ.കെ. നായനാർ: സർ, തൊഴിലാളികളെ ലാത്തിച്ചാർജ് ചെയ്തതിനെ മന്ത്രി ന്യായീകരിച്ചിരിക്കുകയാണ്. ഈ നടപടി അംഗീകരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭയിൽ നിന്നു വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. ഇ.കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭയിൽനിന്നിറങ്ങിപ്പോയി).

ശ്രീ. കെ.പി. പ്രഭാകരൻ: സർ, മാവൂർ ഫാക്ടറി വർഷത്തിൽ 8 മാസം ലോക്കൗട്ട് ചെയ്യുന്ന നടപടി കഴിഞ്ഞ ഏതാനും വർഷങ്ങളായി മാനേജ്മെന്റ് സ്ഥിരമായി തുടർന്നു വരികയാണ്. അതിനെതിരെ അവിടെ സ്ഥിരമായി സമരം നടന്നുവരികയാണ്. തൊഴിലാളികൾക്ക് സമാധാനപരമായി, നിയമപരമായി സമരം ചെയ്യാനുള്ള സ്വാതന്ത്ര്യംപോലും നിഷേധിച്ചിരിക്കുകയാണ്. സമാധാനപരമായി സമരം ചെയ്ത തൊഴിലാളികളെ ലാത്തിച്ചാർജ് ചെയ്യുകയും അറസ്റ്റ് ചെയ്യുകയും അവരുടെ സത്യാഗ്രഹപ്പന്തൽ പൊളിച്ചുമാറ്റുകയും ചെയ്ത നടപടി മുതലാളിമാരെ നഗ്നമായി സഹായിക്കുന്ന നടപടിയാണ്. സ്ഥിരമായി എന്നും മാവൂരിലെ മുതലാളിമാർക്ക് അരു നിൽക്കുന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. ഇക്കാര്യം ചർച്ചചെയ്യണമെന്നുള്ള പ്രതിപക്ഷത്തിന്റെ പ്രമേയവും ആ പ്രദേശത്തെ എം.എൽ.എ.മാരുടെ ആവശ്യവും ഗവൺമെന്റ് നിരാകരിച്ചിരിക്കുകയാണ്. അടിയന്തിര പ്രമേയത്തിന് പൊതുചർച്ച അനുവദിക്കുന്ന കീഴ്വഴക്കം സൃഷ്ടിക്കാൻ തയ്യാറാണെന്ന് അങ്ങ് സന്നദ്ധത പ്രകടമാക്കിയിട്ടുപോലും ഒരു ചർച്ചയ്ക്ക് തയ്യാറാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ.പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭയിൽ നിന്ന് ഇറങ്ങിപ്പോയി.)

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: സർ, മാവൂർ റയോൺസിലെ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി അവിടെ നടത്തിയ സമരത്തെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിച്ച ഈ ഗവൺമെന്റിന്റെ നടപടിയിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. അതിനെക്കുറിച്ച് ചർച്ചചെയ്യാൻപോലും അവസരം നൽകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭ ബഹിഷ്കരിക്കുന്നു.

(ശ്രീ. കെ.കെ. ബാലകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിക്കാരും സഭയിൽനിന്നിറങ്ങിപ്പോയി).

ശ്രീ. ബേബിജോൺ: സർ, മാവൂരിൽ നടന്ന സംഭവത്തെ സംബന്ധിച്ചുള്ള അടിയന്തിരപ്രമേയാവതരണത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയുടെ ഭാഗത്തുനിന്നും നൽകിയ വിശദീകരണം തീർച്ചയായും പ്രതിഷേധാർഹമാണ് എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ സംഭവത്തിന്റെ ഗൗരവം ഞാൻ പറയാതെ തന്നെ അങ്ങേയ്ക്ക് അറിയാം; ഈ സഭയ്ക്കും അറിയാം. ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രിതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഒന്നിലധികം പ്രാവശ്യം എഴുന്നേറ്റ് ഇത്തരത്തിലുള്ള ഗൗരവമുള്ള പ്രശ്നം ആണെന്നും അതുകൊണ്ട് ആ പ്രദേശത്തുനിന്നുവരുന്ന എം.എൽ.എ. ക്കെങ്കിലും സംസാരിക്കാൻ അവസരം വേണമെന്നും പറഞ്ഞു. ഇതിന്റെ ഗൗരവം നാം കുറച്ചു കാണിച്ചിട്ട് കാര്യമില്ല. സഭാനേതാവായ മുഖ്യമന്ത്രിതന്നെ സൂചിപ്പിക്കുകയുണ്ടായി തെറ്റായ ഒരു കീഴ്വഴക്കമെന്നുള്ള നിലയിലല്ലാതെ ആ പ്രദേശത്തുനിന്നുള്ള എം.എൽ.എ.ക്ക് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പറയാനുള്ള അവസരം കൊടുക്കണമെന്ന്. അതിന്റെ അർത്ഥമെന്താണ്? ഇത് വളരെ ഗൗരവമുള്ളതും സഭ ചർച്ചചെയ്യേണ്ടതുമായ ഒരു പ്രശ്നമാണ്. ആ നിലയിൽ ഭരണകക്ഷി—പ്രതിപക്ഷകക്ഷി വ്യത്യാസം കൂടാതെ ചർച്ച ചെയ്യേണ്ട ഒരു വിഷയമാണിത്. ഇവിടെ ഭരണകക്ഷി പറഞ്ഞോ പ്രതിപക്ഷം പറഞ്ഞോ എന്നുള്ളത് വകയല്ല. 'ഞങ്ങൾ മന്ത്രിമാർ' സമ്മതിക്കയില്ല എന്നുള്ളത്, ഗവൺമെന്റിനെ നയിക്കുന്ന ആളുകൾ, 'ഞങ്ങൾ' ഈ നടപടി ചർച്ച ചെയ്യാൻ അനുവദിക്കുകയില്ല എന്നുപറയുന്നത് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. അദ്ദേഹം പറഞ്ഞത് ഖേദകരമാണ്. സത്യവിരുദ്ധമാണ്. അവിടെ പ്രശ്നങ്ങളുണ്ട്; എന്നും ഉണ്ടായിട്ടുള്ളതാണ്. അവിടെ എപ്പോഴും സമരം വേണമെന്നു തീരുമാനിക്കുന്നത് മാനേജുമെന്റാണ്. അവർക്കാവശ്യമുള്ളപ്പോൾ അവർ പ്രശ്നങ്ങൾ ഉണ്ടാക്കും. പ്രശ്നങ്ങളുണ്ടാക്കി ആ രീതിയിലുള്ള നടപടികളും വരും. ഇതാണ് നടക്കുന്നത്. മാസങ്ങളായി ലോക്കൗട്ട് ആണ്. അതിനെതിരായി അവിടത്തെ തൊഴിലാളി വിഭാഗങ്ങൾ ഒരുമിച്ച് കക്ഷിവ്യത്യാസമില്ലാതെ സമരം നടത്തുന്നു. അങ്ങനെവരുന്ന അവസരത്തിൽ 'ഞങ്ങൾ തല്ലും' 'ഞങ്ങൾ തകർക്കും' എന്നൊക്കെ ആഭ്യന്തരമന്ത്രി പറയുന്നത് ഒരു ഏകാധിപത്യ പ്രവണതയെയാണ്, സേച്ഛാധിപത്യ പ്രവണതയെയാണ് കാണിക്കുന്നത്.

ജനാധിപത്യ സംവിധാനത്തിൽ ഉദ്യോഗസ്ഥൻമാർ ഒരുപക്ഷേ വഴിവിട്ടുപോയാൽ അത് അംഗീകരിക്കണമെന്നുണ്ടോ? വഴിവിട്ടുപോകുന്ന ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കുവാനും ജനാധിപത്യാവകാശങ്ങളെ സംരക്ഷിക്കുവാനും ബാദ്ധ്യതയുള്ള ജനാധിപത്യവിശ്വാസികളും എന്നു പറയുന്ന ആളുകൾതന്നെ ജനാധിപത്യാവകാശങ്ങൾ തകർക്കാനും ഉദ്യോഗസ്ഥൻമാരുടെ തെറ്റായ പ്രവർത്തനങ്ങളെ നീതീകരിക്കാനും ശ്രമിക്കുന്ന ഈ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബിജോണും അദ്ദേഹത്തിന്റെ പാർട്ടിയും സഭവിട്ടിറങ്ങിപ്പോയി)

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, മാവൂരിൽ നടന്നത് ഈ സംസ്ഥാനത്തിലെ ഒറ്റപ്പെട്ട സംഭവമല്ല. ഈ സംസ്ഥാനത്തിലെ പോലീസിന്റെ കഴിവില്ലായ്മ ഒരു ഭാഗത്ത് മറ്റൊരു ഭാഗത്ത് പക്ഷപാതപരമായ നയം, ക്രൂരതയോടുകൂടിയുള്ള പെരുമാറ്റം ഇതെല്ലാമാണ് കഴിഞ്ഞ ഏതാനും മാസങ്ങളായി നമുക്കിവിടെ കാണാൻ സാധിക്കുന്നത്. ഇതല്ലേ കോഴിക്കോട് ടെലഫോൺ എക്സ്ചേഞ്ചിൽ നമ്മൾ കണ്ടത്? ഈ സംസ്ഥാനത്തിലെ പോലീസിന്റെ കഴിവില്ലായ്മയെക്കുറിച്ച് പറയുമ്പോൾ ഇന്നലത്തെ ദാരുണമായ ഒരു സംഭവമാണ് എന്റെ ഓർമ്മയിൽ വരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പൈലറ്റ് ചെയ്യുന്ന ട്രാഫിക് പോലീസുകാർ നാലു പിഞ്ചുകുട്ടികളെ ആട്ടോറിക്ഷയിൽ നിന്നും റോഡിലേക്ക് വലിച്ചെറിഞ്ഞു. കാണുന്ന ദൈവങ്ങളാണ് കുട്ടികൾ.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടുദിവസം മുൻപ് കാഞ്ഞങ്ങാട് നിത്യാനന്ദ പോളിടെക്നിക്കിൽ അതിഭയങ്കരമായ ലാത്തിച്ചാർജ് നടന്നു. വളരെയധികം വിദ്യാർത്ഥി കൾക്ക് പരിക്കുപറ്റി. ഇത്തരത്തിലുള്ള സംഭവങ്ങളാണ് ഈ സംസ്ഥാനത്തിലൊട്ടാകെ നടക്കുന്നത്. ഈ സംഭവങ്ങളിലും മാവൂരിൽ നടന്നതായിട്ടുള്ള ക്രൂരസംഭവങ്ങളിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയും സഭ വിട്ടിറങ്ങിപ്പോയി).

III ശ്രദ്ധ ക്ഷണിക്കൽ

(i) 1921–ലെ സ്വാതന്ത്ര്യസമരത്തിൽ (മാപ്പിള ലഹള) പങ്കെടുത്ത വർക്കും ആശ്രിതർക്കും പെൻഷൻ കിട്ടാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ.

ശ്രീ. നാലകത്തു സൂപ്പി: സർ, 1921–ലെ മാപ്പിള ലഹള എന്നറിയ പ്പെടുന്ന സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് ജയിലിൽപോയവർക്കും അവരുടെ ആശ്രിതർക്കും പെൻഷൻ കൊടുക്കുകയെന്നുള്ള പദ്ധതി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചുവെങ്കിലും ഇന്നുവരെ അതു കാര്യ മായി ലഭിക്കുന്നതിനു സാധിച്ചിട്ടില്ലെന്നുള്ളത് ഒരു ദുഃഖസത്യ മാണ്. അതിലേക്ക് ഞാൻ ,ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

കേരള ഗവൺമെന്റു കൊടുക്കുന്ന പെൻഷൻ വാങ്ങുന്ന മൂവായിര ത്തോളം ആളുകൾ ഇന്നും മലബാർ ജില്ലയിലുണ്ട്. അവർതന്നെ യാണ് കേന്ദ്രപെൻഷനും അർഹരായിട്ടുള്ളവർ. ഇവരുടെ അപേക്ഷ ബന്ധപ്പെട്ട അഡ്വൈസറി കമ്മിറ്റി ശുപാർശചെയ്തു അയയ്ക്കു മ്പോൾ ആ അപേക്ഷകൾ സ്ക്രൂട്ടിനി നടത്തി റെക്കമെന്റു ചെയ്ത് കേന്ദ്രഗവൺമെന്റിലേക്കയയ്ക്കും. എന്നാൽ പല കേസുകളിലും സ്റ്റേറ്റ് ഗവൺമെന്റ് റെക്കമെന്റ് ചെയ്യാറില്ല. ഇതിനു കാരണം പറയുന്നത് മതിയായ രേഖയില്ല എന്നുള്ളതാണ്. 64 കൊല്ലങ്ങൾക്കു മുമ്പുനടന്ന ഒരു സംഭവത്തെപ്പറ്റി അന്വേഷിച്ചിട്ടാണ് മതിയായ രേഖയില്ല എന്നുപറയുന്നത്. അതിന് ബന്ധപ്പെട്ട ജയിലുകളിൽ നിന്നുള്ള രേഖകളെയാണ് ആശ്രയിക്കേണ്ടത്. ബെല്ലാരി ജയിലിൽ നിന്നും മാത്രമേ അതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. സ്റ്റേറ്റ് ഗവൺമെന്റു പെൻഷനുവേണ്ടി അപേക്ഷി ച്ചവർ ആ ജയിലിൽനിന്നും ബന്ധപ്പെട്ട രേഖകൾ വാങ്ങിച്ചതിനു ശേഷം കേന്ദ്രഗവൺമെന്റിൽ പെൻഷനുവേണ്ടി അപേക്ഷിക്കുമ്പോൾ അതു ലഭ്യമാക്കാൻ സാധിക്കുന്നില്ല. ഈയൊരു കാരണം പറഞ്ഞു കൊണ്ടാണ് രണ്ടായിരത്തോളം അപേക്ഷകൾ തള്ളിയിരിക്കുന്നത്. ഇതു വളരെ ഗൗരവമായി കണക്കിലെടുത്ത് ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ശുപാർശചെയ്ത് അയയ്ക്കണമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഇതു പരിശോധ നക്ക് വിധേയമാക്കി ഈ പാവപ്പെട്ട, മരണത്തോടുമല്ലിടുന്ന ആൾക്കാർക്ക് ആയുസ്സിന്റെ അവസാനകാലത്തെങ്കിലും ഇതു ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റുണ്ടാക്കണം. അതുപോലെ തള്ളപ്പെട്ട അപേക്ഷകൾ വീണ്ടും പുനഃപരിശോധനക്ക് വിധേയ

LIBRARY ARCHIVES Kerala Legislative Assembly